**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2884** **25-06-2024 - ൽ മറുപടിയ്ക്ക്**

**പരുത്തിപ്പള്ളി റെയ്ഞ്ചിലെ തൊണ്ടി മോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വന ഡിവിഷനിലെ പരുത്തിപ്പള്ളി റെയ്ഞ്ചിൽ നിന്നും ഒ.ആർ. 09/2016 , ഒ.ആർ. 14/2004 എന്നീ നമ്പർ കേസുകളിൽ ഉൾപ്പെട്ട തൊണ്ടി മുതൽ മോഷണം പോയതുമായി ബന്ധപ്പെട്ട് രണ്ടു റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തെങ്കിലും 2 വർഷം കഴിഞ്ഞിട്ടും കുറ്റപത്രം പോലും നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഈ വിഷയവുമായി ബന്ധപ്പെട്ട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.വിനോദ്.ആർ ,ശ്രീമതി ദിവ്യ എസ്.എസ്.റോസ് എന്നിവരെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06/07/2022-ലെ D1-3135/2022 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും , തുടർന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11/10/2022-ലെ D1-3135/2022 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട് . പ്രസ്തുത വിഷയത്തിൽ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് അന്വേഷണം അന്തിമഘട്ടത്തിലാണ്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് കുറ്റപത്രം നൽകുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ആരുടെ കസ്റ്റഡിയിൽ ആണ്; ഏത് ഉദ്യോഗസ്ഥന്റെ ശിപാർശയിന്മേലാണ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചതെന്ന് വെളിപ്പെടുത്താമോ; | (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗത്തിലും, ഭരണ വിഭാഗത്തിലും, ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിലും കൈകാര്യം ചെയ്തു വരുന്നു. വനം വകുപ്പാസ്ഥാനത്തെ ഫോറസ്റ്റ് മാനേജ്മെൻറ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05.07.2022-ലെ PCCF/Gen./2022 നമ്പർ ശുപാർശ പ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു . |
| (സി) | പരുത്തിപ്പള്ളി റെയ്ഞ്ചിൽ നിന്നും മോഷണം പോയതിൽ ഏതൊക്കെ ഒ.ആർ. കേസിൽ ഉൾപ്പെട്ട തൊണ്ടി മുതൽ മോഷണം പോയതിനാണ് കാട്ടാക്കട പോലീസ് കേസ് രജിസ്റ്റർ ചെയ്തത് എന്നറിയിക്കാമോ; കേസ് നമ്പറും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; | (സി) | തിരുവനന്തപുരം ഡിവിഷൻ പരുത്തിപ്പള്ളി റെയിഞ്ചിലെ ഒ.ആർ.9/2016 നമ്പർ കേസിലെ തൊണ്ടിമുതൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ 03.07.2022-ൽ 504/2022 പ്രഥമവിവര നമ്പരായി (എഫ്.ഐ.ആർ.) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചു വരുന്നു |
| (ഡി) | ഏതെല്ലാം ഒ.ആർ. കേസിൽ ഉൾപ്പെട്ട തൊണ്ടി മുതൽ മോഷണം പോയതിനാണ് പോലീസിൽ | (ഡി) | ഒ.ആർ. നമ്പർ 09/1992, 35/1992, 39/1992, 61/1992, 64/1992, 73/1992, 14/1993, 28/1993, |

| | | | |
|---|---|---|---|
| | പരാതി നൽകിയിട്ടും കേസ് രജിസ്റ്റർ ചെയ്യിട്ടില്ലാത്തതെന്ന് അറിയിക്കുമോ; | | 29/1993, 31/1993, 42/1993, 46/1993, 50/1993, 51/1993, 70/1993, 14/1994, 20/1994, 26/1994, 23/1998, 31/2000, 15/2001, 19/2001, 21/2002, 16/2003, 09/2004, 10/2007, 9/2007, 14/2004 എന്നീ നമ്പർ കേസിൽ ഉൾപ്പെട്ട തൊണ്ടി മുതൽ മോഷണം പോയതിനാണ് പോലീസിൽ പരാതി നൽകിയിട്ടും കേസ് രജിസ്റ്റർ ചെയ്യിട്ടില്ലാത്തത്. |
| (ഇ) | പരാതി നൽകുന്നതിൽ വീഴ്ച വരുത്തിയ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ? | (ഇ) | തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിലെ ഒ.ആർ.9/16, ഒ.ആർ-14/04 നമ്പർ കേസ്സിലെ തൊണ്ടി മുതലുകൾ കാണാതായതുമായി ബന്ധപ്പെട്ട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.വിനോദ്.ആർ ,ശ്രീമതി ദിവ്യ എസ്.എസ്.റോസ് എന്നിവരെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06/07/2022-ലെ D1-3135/2022 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും , തുടർന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11/10/2022-ലെ D1-3135/2022 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട് .<br><br>ശ്രീ.ഷാജിജോസ്.റ്റി.എഫ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) -ന 27.04.2023 തീയതിയായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ കുറ്റാരോപിതനെ 21.11.2023-ൽ നേരിൽ കേൾക്കുകയും വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനായി ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യവേഷൻ) കോട്ടയത്തിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അന്വേഷണം നടന്നു വരികയാണ് . |

സെക്ഷൻ ഓഫീസർ